**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം**
(ഹാജർ - അനിതകുമാരി.കെ.ബി)

വിഷയം:- കാ.വി.ക.വ. - ജീവനകാര്യം - ക്ലർക്ക് /സീനിയർ ക്ലർക്കുമാരുടെ 2016 ലെ പൊതുസ്ഥലമാറ്റം ഉത്തരവുകൾ പുറപ്പെടുവിക്കുന്നു

പരാമർശം:- കാ.വി.ക.വ ഡയറക്ടറുടെ 30.12.2015 ലെ എസ്.എ (2)55600/2015 നമ്പർ സർക്കുലർ

**ഉത്തരവ് നം.എസ്.എ (1)3135/16 തീയതി 16.08.2016**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ജീവനക്കാരുടെ 2016 ലെ പൊതുസ്ഥലം മാറ്റത്തിനായി പരാമർശ പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആയത് പ്രകാരം താഴെ പറയുന്ന ക്ലർക്ക് /സീനിയർ ക്ലർക്കുമാരുടെ അപേക്ഷകൾ ഈ കാര്യാലയത്തിൽ ലഭിച്ചിരുന്നു.

| | **പേര് / ഔദ്യോഗിക മേൽ വിലാസം** | **സ്ഥലമാറ്റം ആവശ്യപ്പെടുന്ന ജില്ല** |
|---|---|---|
| 1 | മധുസൂധനൻ.പി.ആർ,<br>ക്ലർക്ക്, എ.ഡി.എ, റാന്നി, പത്തനംതിട്ട | ആലപ്പുഴ |
| 2 | അനുഷ.എൻ.എസ്,<br>സീനിയർ ക്ലർക്ക്,<br>കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്<br>തിരുവനന്തപുരം | കൊല്ലം |
| 3 | രാജേഷ്.റ്റി,<br>സീനിയർ ക്ലർക്ക്, കൃഷി ഭവൻ,<br>ചുനക്കര, ആലപ്പുഴ | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് |

എന്നാൽ 2016 ലെ നിയമസഭാ ഇലക്ഷന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ യഥാസമയം പൊതുസ്ഥലം മാറ്റത്തിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നില്ല.

മേൽ ജീവനക്കാർ ആവശ്യപ്പെടുന്ന ജില്ലകളിൽ / ഡയറ്കടറേറ്റിൽ ക്ലർക്കുമാരുടെ തുറന്ന ഒഴിവുകൾ ഉണ്ട്. മേൽ പറഞ്ഞ സാഹചര്യത്തിൽ ക്ലർക്ക്, പി.ആർ.മധുസൂധനൻ, സീനിയർ ക്ലർക്ക്, എൻ.എസ്.അനുഷ എന്നിവരെ യഥാക്രമം ആലപ്പുഴ, കൊല്ലം ജില്ലകളിലേക്ക് സ്ഥലം മാറ്റി ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അലോട്ട് ചെയ്ത് കൊണ്ടും ആലപ്പുഴ ജില്ലയിലെ സീനിയർ ക്ലർക്ക് ശ്രീ.റ്റി.രാജേഷിനെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലേക്ക് സ്ഥലം മാറ്റി കൊണ്ടും ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. ബന്ധപ്പെട്ട

പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സ്ഥലം മാറ്റപ്പെട്ട ജീവനക്കാർക്ക് അടിയന്തിരമായി നിയമനം നൽകി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും കാർഷിക വികസന കർഷകക്ഷേമ ഡയറക്ടർക്കും യഥാസമയം ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരെ വിടുതൽ ചെയ്യുന്നതുമാണ്.

sd-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് -

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പത്തനംതിട്ട, ആലപ്പുഴ,കൊല്ലം
2) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, റാന്നി
3) കൃഷി ഭവൻ, ചുനക്കര, ആലപ്പുഴ
4) സൂപ്രണ്ട്, റ്റി.കെ വിഭാഗം
5) എസ്.എ (3) സെക്ഷൻ
6) അക്കൗണ്ട്സ് / ഒആന്റ് എംവിഭാഗം
7) സംഭരണ ഫയൽ / അധികം

Sherly George

**SHERLY GEORGE**
**Administrative Assistant**
Directorate of Agriculture Development
and Farmer's Welfare Department
Vikas Bhavan, Thiruvananthapuram